2141
5/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു ഭരണ വകുപ്പ് - മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവണ്മെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് സ്പെഷ്യൽ റൂൾസ് -ഭേദഗതി ചെയ്ത് -ഉത്തരവാകുന്നു.

---

പൊതു ഭരണ (സർവ്വീസസ്- എച്ച്) വകുപ്പ്

G.O.(Ms) No.41/2021/GAD തീയതി,തിരുവനന്തപുരം, 04/02/2021

---

പരാമർശം 1) സ.ഉ.(കൈ) നം.343/പബ്ലിക് ഡിപ്പാർട്ട്മെന്റ് (റൂൾസ്) തീയതി 03.03.1959

2) സ.ഉ. (അച്ചടി) 105/2019/ധന തീയതി 17.08.2019

3) സ.ഉ. (കൈ) 425/2018/ധന തീയതി 10.11.2018

<u>ഉത്തരവ്</u>

01.04.2013 ന ശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചവർക്ക് അവരുടെ മുൻകാല പേഴ്സണൽ സ്റ്റാഫ് കാലയളവ് പരിഗണിച്ച് കെ.എസ്.ആർ ഭാഗം III പ്രകാരമുള്ള പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് മൊബിലിറ്റി അനുവദിച്ചിട്ടില്ല എന്നും, പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ടവർ പ്രത്യേക ചട്ടത്തിൻ കീഴിൽ ആയതിനാലും അവർ കെ.എസ്.ആർ ഭാഗം III-ന്റെ പരിധിയിൽ ഉൾപ്പെടാത്തതിനാലും പേഴ്സണൽ സ്റ്റാഫിൽ യോഗ്യ സേവനകാലമുള്ളവർ 01.04.2013 ന ശേഷം സംസ്ഥാന സർക്കാർ സർവ്വീസിലോ കെ.എസ്.ആർ ഭാഗം III ബാധകമായ മറ്റ് സ്ഥാപനങ്ങളിലോ നിയമിതരാകുമ്പോൾ അവരുടെ പ്രസ്തുത നിയമനം സർക്കാരിന്റെ കീഴിലെ തീർത്തും പുതിയ നിയമനമായേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ എന്നും, ഇത്തരത്തിൽ നിയമിതരായിരിക്കുന്ന / നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയും ഇവരുടെ പേഴ്സണൽ സ്റ്റാഫ് സേവന കാലയളവ് റഗുലർ സർവ്വീസിനോടൊപ്പം ചേർത്ത് പെൻഷനോ മറ്റ് പെൻഷൻ ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല എന്നും, സർക്കാർ സർവ്വീസിലോ കെ.എസ്.ആർ ഭാഗം III ബാധകമായ മറ്റ് സ്ഥാപനങ്ങളിലോ നിയമിതരാകുന്നവർക്ക് പുതുതായി സേവന പുസ്തകം ആരംഭിക്കേണ്ടതാണ് എന്നും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം (3) ഉത്തരവ് പ്രകാരം 26-03-2012 മുതൽ പ്രാബല്യത്തിൽ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷന് പരിഗണിക്കേണ്ട സേവന കാലയളവ് 56 വയസ്സ് പൂർത്തീകരിക്കുന്നത് വരെയായി പരിമിതപ്പെടുത്തുകയും, 5 6 വയസ്സിനു ശേഷം പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുകയും തുടർന്ന് വിരമിക്കുകയും ചെയ്യുന്നവർക്ക് യാതൊരുവിധ പെൻഷനറി ആനുകൂല്യത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും ഉത്തരവായിരുന്നു.

3. പ്രസ്തുത ഉത്തരവുകൾ പ്രകാരം മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവണ്മെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

*(I)* പരാമർശം (2) സർക്കാർ ഉത്തരവിൽ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് 01.04.2013 ന് മുമ്പ് മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിതരായി സേവനം അനുഷ്ഠിച്ചിരുന്നവർ സേവന ഭംഗമില്ലാതെ പേഴ്സണൽ സ്റ്റാഫിൽ നിന്നും സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ ഇവർക്ക് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുമതി നൽകുന്നു. എന്നാൽ മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ സേവനം അനുഷ്ഠിച്ചിരുന്നവർ സേവന ഭംഗത്തോടെ 01.04.2013-നു ശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ അവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഭാഗമായിരിക്കുന്നതും അവർക്ക് സർക്കാർ സേവനത്തിൽ നിന്നും വിരമിച്ച ശേഷം (60 വയസ്സ് കഴിഞ്ഞ്) പേഴ്സണൽ സ്റ്റാഫ് പെൻഷൻ അനുവദിക്കേണ്ടതുമാണ്.

*(II)* പരാമർശം (3) സർക്കാർ ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തി 56 വയസ്സിനു ശേഷം പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമിതരാകുകയോ അപ്രകാരം നിയമനം ലഭിച്ച് സേവനത്തിൽ തുടരുകയോ ചെയ്യുന്ന ജീവനക്കാരുടെ പ്രസ്തുത സേവന കാലയളവ് കൂടി പേഴ്സണൽ സ്റ്റാഫ് പെൻഷന് യോഗ്യ സേവനകാലമായി പരിഗണിക്കേണ്ടതാണ്. എന്നാൽ 56 വയസ്സിന് ശേഷം പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമിതരാകുന്ന ജീവനക്കാർക്ക് പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദനീയമല്ല. 56 വയസ്സിലോ അതിനു മുമ്പോ പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിക്കുന്നവർക്ക് പെൻഷൻ കമ്മ്യൂട്ടേഷൻ ഫാക്ടർ 11.10 ആയി നിജപ്പെടുത്തുന്നു.

*(III)* മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾ, ചട്ടം 1 -നു ശേഷം, താഴെ പറയുന്ന ഭേദഗതി ഉൾപ്പെടുത്തുന്നു.

"ഇതിനു പുറമേ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ അധിക വിഭാഗക്കാരും അവർക്കുള്ള സ്റ്റാഫും ഉൾ പ്പെടെ 7-ൽ കവിയാത്ത അംഗ സംഖ്യയിൽ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കാൻ മുഖ്യമന്ത്രിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇതിന് 01.06.2016 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്".

4. മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് സ്പെഷ്യൽ റൂൾസിൽ ഇത് സംബന്ധിച്ച ഭേദഗതി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATYAJEET RAJAN
ADDITIONAL CHIEF SECRETARY

മുഖ്യമന്ത്രിയുടേയും, മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഗവ.ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
നിയമസഭാ സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം. നം.4561 dated: 03.02.2021 പ്രകാരം)
ധനകാര്യ വകുപ്പ് (നം.പെൻ-ബി 2/90/2020-ധന (ഇ-1656982) തീയതി 05.01.2020
ഡയറക്ടർ, ട്രഷറി വകുപ്പ്
പൊതു ഭരണ (അക്കൗണ്ട്സ്-എ.സി.പി.ആർ/ കമ്പ്യൂട്ടർ സെൽ) വകുപ്പ്
ഡയറക്ടർ, ഐ.ആന്റ് പി.ആർ.ഡി (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4561

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽനമ്പർ | | എസ്.എച്ച്2/214/2018/പൊ.ഭ.വ. |
| 2. | വകുപ്പ് | | പൊതു ഭരണ (സർവ്വീസസ്-എച്ച്) വകുപ്പ് |
| 3. | വിഷയം | | മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച സ്പെഷ്യൽ റൂൾ ഭേദഗതി |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | | 22.01.2021 |
| 5. | 1. ഇത് സാമ്പത്തിക ബാധ്യതയുള്ള താണോ?<br>2. സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | 1) അതെ<br>2) ഉണ്ട് |
| 6. | മറ്റേതങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | | ശ്രീമതി. ബി. ആർ. യമുന |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | | ശ്രീ. സത്യജീത് രാജൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 28.01.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 29/01/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | | 31.01.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | | 02.02.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ 24.12.2020-ൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

1. സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ സേവനമനുഷ്ടിച്ച സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്കു സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം മുതൽക്കേ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് 24-08-2019 ലെ സ. ഉ. (അച്ചടി ) നം: 113/2019/ധന നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മന്ത്രിമാർ/പ്രതിപക്ഷ നേതാവ്/ഗവണ്മെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമിതരാകുന്നവർക്ക് (സർക്കാർ ജീവനക്കാരല്ലാത്തവർ) 01.01.2020 മുതൽ സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം കഴിഞ്ഞു മാത്രമേ പെൻഷൻ അനുവദിക്കേണ്ടതുള്ളൂ എന്നുള്ള ധനകാര്യ വകുപ്പിന്റെ നിർദേശം മറികടന്ന് യോഗ്യ സേവനം പൂർത്തിയാക്കി പേഴ്സണൽ സ്റ്റാഫിൽ നിന്ന് പിരിയുന്നവർക്ക് നിലവിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ നിലനിർത്താൻ തീരുമാനിക്കാമോ?

2. 01.04.2013 ന് മുമ്പ് പേഴ്സണൽ സ്റ്റാഫിൽ നിയമിതരായി തുടർന്ന് സേവനം അനുഷ്ഠിക്കുന്നവർ പേഴ്സണൽ സ്റ്റാഫിൽ നിന്നും സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമാക്കാമോ?

3. സർക്കാർ ഉത്തരവ് സ. ഉ. (കൈ) നം. 425/2018/ധന തീയതി 10-11-2018 പ്രകാരം പേഴ്സണൽ സ്റ്റാഫ് പെൻഷന് പരിഗണിക്കേണ്ട സർവീസ് കാലയളവ് 56 വയസ്സു പൂർത്തീകരിക്കുന്നതുവരെയായി പരിമിതപ്പെടുത്തുകയും, 56 വയസ്സിനു ശേഷം പേഴ്സണൽ സ്റ്റാഫ് നിയമനം ലഭിക്കുകയും തുടർന്ന് വിരമിക്കുകയും ചെയ്യുന്നവർക്ക് പെൻഷനറി ആനുകൂല്യത്തിന് അർഹതയുണ്ടാവില്ല എന്നും പ്രസ്തുത ഉത്തരവിന് 26-03-2012 മുതൽ പ്രാബല്യമുണ്ട് എന്നും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 56 വയസ്സിനു ശേഷമുള്ള സേവനത്തിനു പെൻഷൻ അനുവദിക്കുന്നതിനായി സമർപ്പിച്ച ചുവടെ ചേർത്തിരിക്കുന്ന 7 പേരുടെ അപേക്ഷകൾ പരിഗണിക്കാത്ത സാഹചര്യത്തിലാണ്.

1 ) ശ്രീമതി. മറിയാമ്മ ലോറൻസ്
2 ) ശ്രീ. കെ ഗോപി
3 ) ശ്രീമതി. പത്മകുമാരി വി
4 ) ശ്രീ. പങ്കജാക്ഷൻ പിള്ള
5 ) ശ്രീ. കെ കെ പ്രേമരാജൻ
6 ) ശ്രീമതി. കെ ശാന്ത
7 ) ശ്രീമതി. ഇ കെ കല്യാണി

ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ ഉത്തരവ് ഭേദഗതി ചെയ്ത് 56 വയസ്സിന് ശേഷം പേഴ്സണൽ സ്റ്റാഫിൽ തുടരുകയോ, നിയമിക്കപ്പെടുകയോ ചെയ്യുന്ന സർക്കാർ/അർദ്ധ സർക്കാർ/ബാങ്ക്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്നവർ/ ചെയ്തിരുന്നവർ ഒഴികെയുള്ളവർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാക്കാമോ?

4. പേഴ്സണൽ സ്റ്റാഫ് സ്പെഷ്യൽ റൂൾസിൽ നിലവിൽ ഉൾപ്പെടാത്ത പൊളിറ്റിക്കൽ സെക്രട്ടറിയും സ്റ്റാഫും, അഡ്വൈസർ (പ്രസ്), പ്രസ് സെക്രട്ടറി എന്നീ തസ്തികകൾ

01.06.2016 മുതൽ പ്രാബല്യത്തിൽ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്താമോ?

3) 24.12.2020-ൽ ചേർന്ന മന്ത്രിസഭാ യോഗം മേൽ നിർദേശങ്ങൾ ഇനം നമ്പർ 4435 ആയി പരിശോധിക്കുകയും കുറിപ്പിലെ നിർദേശങ്ങൾ അംഗീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് സർക്കാർ ഉത്തരവിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

**കരട് ഉത്തരവിലെ ഖണ്ഡിക (3)**

1. സ.ഉ.(അച്ചടി)105/2019/Fin തീയതി 17.08.2019 സർക്കാർ ഉത്തരവിൽ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് 01.04.2013 ന് മുമ്പ് പേഴ്സണൽ സ്റ്റാഫിൽ നിയമിതരായി സേവനം അനുഷ്ഠിച്ചുവരുന്നവർ സേവന ഭംഗമില്ലാതെ പേഴ്സണൽ സ്റ്റാഫിൽ നിന്നും സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ ഇവർക്ക് കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുമതി നൽകുന്നു.
2. സ.ഉ.(കൈ) 425/2018/Fin തീയതി.10.11.2018 സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി 56 വയസ്സിന് ശേഷം പേഴ്സണൽ സ്റ്റാഫിൽ തുടരുകയോ/ നിയമിക്കപ്പെടുകയോ ചെയ്യുന്ന ജീവനക്കാരിൽ സർക്കാർ, അർദ്ധ സർക്കാർ, ബാങ്ക്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്നവർ/ചെയ്തിരുന്നവർ ഒഴികെയുള്ളവർക്ക് 56 വയസ്സിനു ശേഷമുള്ള സേവന കാലയളവ് കൂടി പേഴ്സണൽ സ്റ്റാഫ് പെൻഷന് യോഗ്യ സേവനകാലമായി പരിഗണിക്കേണ്ടതാണ് .
3. മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസിൽ പൊളിറ്റിക്കൽ സെക്രട്ടറിയും സ്റ്റാഫും, അഡ്വൈസർ (പ്രസ്), പ്രസ് സെക്രട്ടറി എന്നീ തസ്തികകൾ കൂടി 01-06-2016 മുതൽ പ്രാബല്യത്തിൽ ഉൾപ്പെടുത്തുന്നു.

4) ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ ആണ് മന്ത്രിസഭാ യോഗ തീരുമാനം പ്രകാരം ഭേദഗതി വരുത്തേണ്ടത് എന്നതിനാൽ കരട് ഉത്തരവിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

"ഭരണ വകുപ്പ് സമർപ്പിച്ച കരട് ഉത്തരവിന്മേൽ ചുവടെ പറയുന്ന അഭിപ്രായം അറിയിക്കുന്നു.

***(a) കരട് സർക്കാർ ഉത്തരവ് ഖണ്ഡിക 3 പിരിവ് 1***

"07.01.2013- ലെ സ.ഉ(പി)നം.20/2013/ധന സർക്കാർ ഉത്തരവ് പ്രകാരമാണ് സർക്കാർ സർവ്വീസിലെ എല്ലാ നിയമനങ്ങൾക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളത്. 01.04.2013 ന് മുമ്പ് സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായി 01.04.2013-ന് ശേഷം സർവ്വീസ് റഗുലറൈസ് ചെയ്യപ്പെടുന്ന ജീവനക്കാർ, 01.04.2013-ന് ശേഷമാണ് സംസ്ഥാന സർക്കാർ സർവ്വീസിൽ റഗുലർ തസ്തികയിൽ നിയമിക്കപ്പെടുന്നത് എന്നതിനാൽ അവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാവുകയെന്ന് 12.07.2019-ലെ സ.ഉ(പി) നം.84/2019/ധന സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ പേഴ്സണൽ സ്റ്റാഫ് സർവ്വീസ് ഒരു താല്ക്കാലിക സർവ്വീസ് മാത്രമായതിനാലും പേഴ്സണൽ സ്റ്റാഫിന്റെ നിയമനം, പെൻഷൻ എന്നിവ കേരളസർവ്വീസ് ചട്ടങ്ങൾ പ്രകാരമല്ല മറിച്ച് സ്പെഷ്യൽ റൂൾ അടിസ്ഥാനമാക്കിയായതിനാലും പേഴ്സണൽ സ്റ്റാഫിൽ നിന്നും സർക്കാർ സർവ്വീസിലേയ്ക്ക് വരുന്നവർക്ക് പെൻഷൻ സംബന്ധിച്ച് ചട്ടപ്രകാരം നിലവിലുള്ള 'mobility' സാധ്യമല്ല. ആയതിനാൽ ഭരണവകുപ്പ് കരട് സർക്കാർ ഉത്തരവ് പിരിവ് (i) നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും എതിരാണ്. എന്നിരുന്നാലും 01.04.2013-ന് മുമ്പ് പേഴ്സണൽസ്റ്റാഫിൽ നിയമിതരായി സേവനം അനുഷ്ഠിച്ചുവരുന്നവർ സേവന ഭംഗമില്ലാതെ പേഴ്സണൽ സ്റ്റാഫിൽ നിന്നും സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ ഇവർക്ക്,

ഇത്തരം കേസുകൾ നാമമാത്ര ആയതിനാലും മന്ത്രിസഭാ തീരുമാനം അനുകൂലമായതിനാലും, കെ.എസ്.ആർ ഭാഗം III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുമതി നൽകുന്ന തീരുമാനത്തോട് ധനവകുപ്പ് യോജിക്കുന്നു.

പേഴ്സണൽ സ്റ്റാഫിൽ നിയമിതരായി സേവനം അനുഷ്ഠിച്ചിരുന്നവർ പേഴ്സണൽ സ്റ്റാഫിൽ നിന്നും സേവന ഭംഗത്തോടെ 01.04.2013-നു ശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ അവർക്ക് 60 വയസ്സ് കഴിഞ്ഞ് (പങ്കാളിത്ത പെൻഷൻ വിരമിക്കൽ തീയതി കഴിഞ്ഞ്) പേഴ്സണൽ സ്റ്റാഫ് പെൻഷൻ അനുവദിക്കേണ്ടതാണ്.

## *(b) കരട് സർക്കാർ ഉത്തരവ് ഖണ്ഡിക 3 പിരിവ് (ii)*

സ.ഉ (കൈ) 425/2018/Fin തീയതി 10.11.2018 ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് പേഴ്സണൽ സ്റ്റാഫിന്റെ പെൻഷന് പരിഗണിക്കേണ്ട സർവ്വീസ് കാലയളവ് 56 വയസ്സ് പൂർത്തീകരിക്കുന്നത് വരെയായി പരിമിതപ്പെടുത്തിയായിരുന്നു. കൂടാതെ കമ്മ്യൂട്ടേഷൻ ഫാക്ടർ 11.10 ആണെന്ന് നിശ്ചയിക്കുകയും ചെയ്തിരുന്നു. 56 വയസ്സിനു ശേഷവും പേഴ്സണൽ സ്റ്റാഫിൽ നിയമിതരാവുകയും തുടർന്ന് വിരമിക്കുകയും ചെയ്യുന്നവർക്ക് കമ്മ്യൂട്ടേഷൻ ഫാക്ടർ 11.10 ആയി നിർണ്ണയിക്കുന്നത് നിലവിലുള്ള കമ്മ്യൂട്ടേഷൻ ചട്ടങ്ങൾക്കെതിരാണ്.

കെ.എസ്.ആർ. ചട്ടം III-ലെ കമ്മ്യൂട്ടേഷൻ ചട്ടം Appendix X ന്റെ Annexure III പ്രകാരം കമ്മ്യൂട്ടേഷൻ ഫാക്ടർ ഓരോ വയസ്സിനും പ്രത്യേകമായി നിശ്ചയിച്ചിട്ടുണ്ട്.

ഉദാ: ഒരാൾ 60 വയസ്സിൽ വിരമിച്ചാൽ ചട്ടപ്രകാരം കമ്മ്യൂട്ടേഷൻ ഫാക്ടർ 9.81

70 വയസ്സിൽ - 6.91

80 വയസ്സിൽ - 4.17

സ.ഉ.(കൈ) 425/2018/Fin തീയതി 10.11.2018 ഉത്തരവ് ഭരണവകുപ്പ് ഭേദഗതി വരുത്തുന്നതിനാൽ കമ്മ്യൂട്ടേഷൻ ഫാക്ടറിനെക്കുറിച്ച് ഭരണവകുപ്പ് കരട് സർക്കാർ ഉത്തരവിൽ പ്രതിപാദിക്കേണ്ടതുണ്ട്.

അതായത്; 56 വയസ്സിലോ അതിനു മുമ്പോ വിരമിക്കുന്നവർക്ക് കമ്മ്യൂട്ടേഷൻ ഫാക്ടർ 11.10 ആയി നിജപ്പെടുത്താവുന്നതും 19/11/2012 തീയതിയിലെ സ.ഉ(കൈ) നം.1411/2012/Leg പ്രകാരം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫുകൾക്ക് കമ്മ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ 55 വയസ്സിനു ശേഷം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥർക്ക് കമ്മ്യൂട്ടേഷൻ അനുവദനീയമല്ല. ആയതിനാൽ 56 വയസ്സിന് ശേഷം ബഹു.മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ഗവ:ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിതരാകുന്ന ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ അനുവദനീയമല്ല.

കൂടാതെ 56 വയസ്സിനു ശേഷം പേഴ്സണൽ സ്റ്റാഫിൽ തുടരുകയോ/നിയമിക്കപ്പെടുകയോ ചെയ്യുന്ന ജീവനക്കാരിൽ കേന്ദ്ര- സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, ബാങ്ക്, സഹകരണസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിങ്ങനെ പെൻഷൻ നിലവിലുള്ളയിടത്ത് ജോലി ചെയ്യുന്നവർ/ ചെയ്തിരുന്നവർ ഒഴികെയുള്ളവർക്ക് 56 വയസ്സിനു ശേഷമുള്ള സേവന കാലയളവ് കൂടി പേഴ്സണൽ സ്റ്റാഫ് പെൻഷന് യോഗ്യ സേവനകാലമായി പരിഗണിക്കാവുന്നതാണ്.

## *(c) കരട് സർക്കാർ ഉത്തരവ് ഖണ്ഡിക 3 പിരിവ് (iii)*

സ്റ്റാഫ് എന്നത് പരമാവധി എണ്ണം നിശ്ചയിക്കേണ്ടതും സ്റ്റാഫിന്റെ ഗണത്തിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ്, ഡ്രൈവർ തുടങ്ങി തസ്തിക കൃത്യമായി വ്യക്തമാക്കേണ്ടതുമാണ്.

ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന് വിധേയമായി ഫയൽ ഒരിക്കൽകൂടി ക്യാബിനറ്റിൽ വയ്ക്കേണ്ടതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. ഇതിനു ബഹു. ധനകാര്യ മന്ത്രിയുടെ

അംഗീകാരമുണ്ട്.

5) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, 24.12.2020-ലെ മന്ത്രിസഭാ തീരുമാനം പ്രകാരം തയ്യാറാക്കിയ കരട് സർക്കാർ ഉത്തരവിൽ ചുവടെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്താമോ എന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു.

1) മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിതരായി സേവനം അനുഷ്ഠിച്ചിരുന്നവർ പേഴ്സണൽ സ്റ്റാഫിൽ നിന്നും സേവന ഭംഗത്തോടെ 01.04.2013-നു ശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ അവർക്ക് 60 വയസ്സ് കഴിഞ്ഞ് (പങ്കാളിത്ത പെൻഷൻ വിരമിക്കൽ തീയതി കഴിഞ്ഞ്) പേഴ്സണൽ സ്റ്റാഫ് പെൻഷൻ അനുവദിക്കേണ്ടതാണ് എന്ന് സ്പഷ്ടത വരുത്തേണ്ടതുണ്ട് ;

2) സ.ഉ.(കൈ) നം.425/2018.ധന. തീയതി 10.11.2018 സർക്കാർ ഉത്തരവ് അനുസരിച്ച് 56 വയസ്സിലോ അതിനു മുമ്പോ വിരമിക്കുന്നവർക്ക് കമ്മ്യൂട്ടേഷൻ ഫാക്ടർ 11.10 ആയി നിജപ്പെടുത്താവുന്നതും, 56 വയസ്സിന് ശേഷം മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ഗവ:ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിതരാകുന്ന ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ അനുവദനീയമല്ല എന്ന് വ്യക്തത വരുത്തേണ്ടതുണ്ട്;

3) മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് സ്പെഷ്യൽ റൂളിൽ 01.06.2016 മുതൽ പ്രാബല്യത്തിൽ ഉൾപ്പെടുത്താൻ തീരുമാനമായ പൊളിറ്റിക്കൽ സെക്രട്ടറിയും സ്റ്റാഫും, അഡ്വൈസർ (പ്രസ്), പ്രസ് സെക്രട്ടറി തസ്തികകൾ എന്നത് "ബഹു.മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി, അഡ്വൈസർ (പ്രസ്), പ്രസ് സെക്രട്ടറി" എന്നിങ്ങനെയാക്കി ഉത്തരവ് പുറപ്പെടുവിക്കാമോ?
കൂടാതെ മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് സ്പെഷ്യൽ റൂളിൽ പൊളിറ്റിക്കൽ സെക്രട്ടറിയുടെ സ്റ്റാഫ് എന്ന നിലയിൽ ജീവനക്കാരെ ഉൾപ്പെടുത്തുവാൻ സാധ്യമല്ല. ആയതിനാൽ പൊളിറ്റിക്കൽ സെക്രട്ടറിയുടെ ഓഫീസിന് ആവശ്യമായ സ്റ്റാഫുകളെ പെൻഷൻ രഹിത ജീവനക്കാരായി പ്രത്യേകം താൽക്കാലിക തസ്തിക സൃഷ്ടിച്ച് നിയമിക്കേണ്ടതും സ്റ്റാഫിന്റെ പരമാവധി എണ്ണം തസ്തിക വ്യക്തമാക്കി കൃത്യമായി നിശ്ചയിക്കേണ്ടതുമാണ്.

6) ഇക്കാര്യത്തിൽ ബഹു. മുഖ്യമന്ത്രി ചുവടെ ചേർത്തിരിക്കും പ്രകാരം ഉത്തരവ് നൽകുകയുണ്ടായി.

(i) 24.12-2020-ലെ മന്ത്രിസഭാ തീരുമാനം ഇനിയും ഉത്തരവായിട്ടില്ല.

(ii) കരട് ഉത്തരവിലെ ഖണ്ഡിക 3 (i), (ii) (കുറിപ്പ് ഫയൽ ഖണ്ഡിക 58) ലെ നിർദ്ദേശം അംഗീകരിച്ചു.

(iii) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂളിൽ, ചട്ടം 1 - നു ശേഷം, താഴെ പറയുന്ന രീതിയിൽ ആവശ്യമായ ഭേദഗതി 01.06.2016-മുതൽ പ്രാബല്യത്തിൽ വരുത്തുക.
"ഇതിനു പുറമേ അധിക വിഭാഗക്കാരെയും അവർക്കുള്ള സ്റ്റാഫിനെയും 7-ൽ കവിയാത്ത അംഗസംഖ്യയിൽ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കാൻ മുഖ്യമന്ത്രിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്".

(iv) 16-09-2011 ലെ GO (Rt) No.7036/2011/GAD ഉത്തരവിൽ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കിയിട്ടുണ്ട്.

(v) 27-01-2021 ലെ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക.
ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്

## തീരുമാനിക്കേണ്ട വിഷയം

1. 01.04.2013-ന് മുമ്പ് പേഴ്സണൽ സ്റ്റാഫിൽ നിയമിതരായി സേവനം അനുഷ്ഠിച്ചുവരുന്നവർ സേവന ഭംഗമില്ലാതെ പേഴ്സണൽ സ്റ്റാഫിൽ നിന്നും സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ ഇവർക്ക് കെ.എസ്.ആർ ഭാഗം III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുമതി നൽകുന്ന 24.12.2020-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ തുടർച്ചയായി, മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിതരായി സേവനം അനുഷ്ഠിച്ചിരുന്നവർ പേഴ്സണൽ സ്റ്റാഫിൽ നിന്നും സേവന ഭംഗത്തോടെ 01.04.2013-നു ശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ അവർക്ക് 60 വയസ്സ് കഴിഞ്ഞ് (പങ്കാളിത്ത പെൻഷൻ വിരമിക്കൽ തീയതി കഴിഞ്ഞ്) പേഴ്സണൽ സ്റ്റാഫ് പെൻഷൻ അനുവദിക്കേണ്ടതാണ് എന്ന് തീരുമാനിക്കാമോ?

2. 56 വയസ്സിനു ശേഷം പേഴ്സണൽ സ്റ്റാഫിൽ തുടരുകയോ/ നിയമിക്കപ്പെടുകയോ ചെയ്യുന്ന ജീവനക്കാരിൽ സർക്കാർ, അർദ്ധ സർക്കാർ, ബാങ്ക്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്നവർ/ ചെയ്തിരുന്നവർ ഒഴികെയുള്ളവർക്ക് 56 വയസ്സിന് ശേഷമുള്ള സേവന കാലയളവ് കൂടി പേഴ്സണൽ സ്റ്റാഫ് പെൻഷന് യോഗ്യ സേവനകാലമായി പരിഗണിക്കേണ്ടതാണ് എന്ന 24.12.2020-ലെ മന്ത്രിസഭാ തീരുമാനം ചുവടെ പറയും പ്രകാരം ഭേദഗതി വരുത്താമോ?

> "56 വയസ്സിനു ശേഷം പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമിതരാകുകയോ / നേരിട്ട് നിയമനം ലഭിച്ച് തുടരുകയോ ചെയ്യുന്ന ജീവനക്കാരുടെ 56 വയസ്സിനു ശേഷമുള്ള സേവന കാലയളവ് കൂടി പേഴ്സണൽ സ്റ്റാഫ് പെൻഷന് യോഗ്യ സേവനകാലമായി പരിഗണിക്കാവുന്നതാണ്".
> "56 വയസ്സിലോ അതിനു മുമ്പോ പേഴ് സണൽ സ്റ്റാഫിൽ നിന്നും വിരമിക്കുന്നവർക്ക് കമ്മ്യൂട്ടേഷൻ ഫാക്ടർ 11.10 ആയി നിജപ്പെടുത്തികൊണ്ടും, 56 വയസ്സിന് ശേഷം പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമിതരാകുന്ന ജീവനക്കാർക്ക് പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദനീയമല്ല എന്നും തീരുമാനിക്കാമോ"

3. നിലവിൽ സ്പെഷ്യൽ റൂൾ പ്രകാരം അനുവദിച്ചിട്ടുള്ള തസ്തികൾക്ക് പുറമെ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ മറ്റ് വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിന് അനുസൃതമായി ചട്ടം ഭേദഗതി വരുത്തുന്നത് ഉചിതമായിരിക്കും എന്നതിനാൽ 24.12.2020 ലെ മന്ത്രിസഭാ യോഗ തീരുമാനമായ "പേഴ്സണൽ സ്റ്റാഫ് സ്പെഷ്യൽ റൂൾസിൽ നിലവിൽ ഉൾപ്പെടാത്ത പൊളിറ്റിക്കൽ സെക്രട്ടറിയും സ്റ്റാഫും, അഡ്വൈസർ (പ്രസ്), പ്രസ് സെക്രട്ടറി എന്നീ തസ്തികകൾ 01.06.2016 മുതൽ പ്രാബല്യത്തിൽ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്താം" എന്നതിന് പകരമായി മന്ത്രിമാർ/ പ്രതിപക്ഷ നേതാവ്/ ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂളിൽ, ചട്ടം 1 - നു ശേഷം, താഴെ പറയുന്ന ഭേദഗതി 01.06.2016 - മുതൽ പ്രാബല്യത്തിൽ വരുത്താമോ ?

> "ഇതിനു പുറമേ മുഖ്യമന്ത്രിയുടെ പേഴ് സണൽ സ്റ്റാഫിൽ അധിക വിഭാഗക്കാരും അവർക്കുള്ള സ്റ്റാഫും ഉൾപ്പെടെ 7-ൽ കവിയാത്ത അംഗ സംഖ്യയിൽ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കാൻ മുഖ്യമന്ത്രിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇതിന് 01.06.2016 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്".

- 61 -

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-02-2021

ഫയൽ നം. എസ്.എച്ച്.2/214/2018/പൊ.ഭ.വ. ഇനം നം: 4561

വിഷയം : പൊതുഭരണ വകുപ്പ് - മന്ത്രിമാർ/പ്രതിപക്ഷ നേതാവ്/ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച സ്പെഷ്യൽ റൂൾ ഭേദഗതി.

(67) തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.